# കേരളാ ലിങ്ക്
# Kerala Link

e-mail:info@keralalink.co.uk web:www.keralalink.co.uk

25 JUNE 2020 email: info@keralalink.co.uk ISSUE:297


**ഇന്നത്തെ ചിന്താവിഷയം**

പാപികളോടു ചേർന്നു വസിക്കുന്നവർകൾക്കും
പാപമേയുണ്ടായേവരൂ കേവലമറിഞ്ഞാലും
- തുഞ്ചത്തെഴുത്തച്ഛൻ

## കൊല്ലത്ത് അമൃതാനന്ദമയി മഠത്തിലെ ഫ്ലാറ്റിൽനിന്നുവീണ് ബ്രിട്ടീഷ് വനിത മരിച്ചു



അമൃതാനന്ദമയി മഠത്തിലെ ഫ്ലാറ്റിൽനിന്നുവീണ് വിദേശ വനിത മരിച്ചു. ബ്രിട്ടീഷുകാരി സ്റ്റെഫേഡ് ഫിയോന (45)യാണ് മരിച്ചത്. ബുധനാഴ്ച രാത്രി 8.30നാണ് സംഭവം. പ്രധാന ഫ്ലാറ്റിന്റെ ഏഴാം നിലയിൽ നിന്നാണ് വീണത്.

കഴിഞ്ഞ ജനുവരിയിൽ ടൂറിസ്റ്റ് വിസയിലാണ് സ്റ്റെഫേഡ് ആശ്രമത്തിൽ എത്തിയത്. ലോക്ക്ഡൗൺ പ്രഖ്യാപിച്ചതോടെ നാട്ടിലേക്കുള്ള തിരികെ പോക്ക് മുടങ്ങിയതിന്റെ മനോവിഷമത്തിലായിരുന്നെന്ന് മഠം അധികൃതർ പറഞ്ഞു. ബുധനാഴ്ച രാവിലെ കായലിൽ ചാടി ആത്മഹത്യാശ്രമം നടത്തിയിരുന്നു. മാനസിക പ്രശ്നം പ്രകടിപ്പിച്ചിരുന്ന ഇവരെ തിരികെ അയക്കുന്നതിന് ശ്രമം നടത്തിവരികയായിരുന്നെന്നും മഠം അധികൃതർ പറഞ്ഞു. മൃതദേഹം കരുനാഗപ്പള്ളി താലൂക്കാശുപത്രി മോർച്ചറിയിൽ. അസ്വാഭാവിക മരണത്തിന് പോലീസ് കേസെടുത്തു.

## ബംഗാളിൽ ലോക്ഡൗൺ ജൂലൈ 31വരെ നീട്ടി; വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കില്ല



ബംഗാളിൽ ലോക്ഡൗൺ ജൂലൈ 31 വരെ നീട്ടിയതായി മുഖ്യമന്ത്രി മമതാ ബാനർജി. ജൂൺ 30 വരെയുണ്ടായിരുന്ന ലോക്ഡൗൺ ജൂലൈ അവസാനം വരെ ഇളവുകളോടെ നീട്ടുന്നതായാണ് ബുധനാഴ്ച ബംഗാൾ മുഖ്യമന്ത്രി അറിയിച്ചത്. കോവിഡ് രോഗം പടരുന്ന സാഹചര്യത്തിലാണു തീരുമാനമെന്ന് മൂന്ന് മണിക്കൂറോളം നീണ്ട സർവകക്ഷി യോഗത്തിൽ മമത അറിയിച്ചു. സ്കൂളുകളും കോളജുകളും അടഞ്ഞുകിടക്കും.

ബുധനാഴ്ച ബംഗാളിൽ 445 പുതിയ കോവിഡ് കേസുകളാണു റിപ്പോർട്ട് ചെയ്തത്. ഇതോടെ സംസ്ഥാനത്തെ രോഗികളുടെ എണ്ണം 15,173 ആയി. 4,890 പേരാണ് ബംഗാളിൽ ഇപ്പോൾ ചികിത്സയിലുള്ളത്. ഇന്ന് മരിച്ച 11 പേരുൾപ്പെടെ സംസ്ഥാനത്തു രോഗം ബാധിച്ചു മരിച്ചത് 591 പേരാണ്.

## കേരളത്തിൽ 152 പേർക്കുകൂടി കോവിഡ്; 81 രോഗമുക്തർ, ചികിത്സയിൽ 1691 പേർ

കേരളത്തിൽ ബുധനാഴ്ച 152 പേർക്ക് കോവിഡ് രോഗം സ്ഥിരീകരിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. 81 പേർ രോഗമുക്തി നേടി. രോഗം ബാധിച്ച 152 പേരിൽ 98 പേർ വിദേശത്തുനിന്ന് എത്തിയവരാണ്.

കേരളത്തിൽനിന്ന് നിലവിലുണ്ടായിട്ടുള്ള 90 ശതമാനം കേസുകളും വിദേശത്തുനിന്നോ മറ്റു സംസ്ഥാനങ്ങളിൽനിന്നോ വന്നതാണ്. ഇതുവരെ വിദേശത്ത് നിന്ന് എത്തി രോഗം സ്ഥിരീകരിച്ചവർക്കെല്ലാം കേരളം സൗജന്യ ചികിത്സ നൽകുന്നുണ്ട്. ടെസ്റ്റ് റിസൽട്ട് എന്തായാലും എല്ലാ യാത്രക്കാരും സർക്കാർ നിർദേശിക്കുന്ന പോലെ 14 ദിവസം നിർബന്ധിത ക്വാറന്റീനിൽ പോകണം. യാത്രക്കാർ ഉപയോഗിക്കുന്ന പിപിഇ കിറ്റുകൾ, കയ്യുറ, മാസ്ക് ഇവയെല്ലാം വിമാനത്താവളത്തിൽ വച്ചുതന്നെ നീക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിക്കും. ഇവിടത്തെ വിമാനത്താവളങ്ങളിൽ ടെസ്റ്റിന് സൗകര്യം ഒരുക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.



കോവിഡ് ടെസ്റ്റ് സൗകര്യമുള്ള രാജ്യങ്ങളിൽനിന്നു വരുന്ന എല്ലാ പ്രവാസികളും ടെസ്റ്റ് നടത്തുന്നതിന് ആത്മാർഥമായി ശ്രമിക്കണം. ടെസ്റ്റ് സർട്ടിഫിക്കറ്റ് കയ്യിൽ കരുതണമെന്നും യാത്രാ സമയത്തിന് 72 മണിക്കൂറിനകത്തായിരിക്കണം കോവിഡ് ടെസ്റ്റ് നടത്തേണ്ടതെന്നും മുഖ്യമന്ത്രി അറിയിച്ചു.

## പാക് തലസ്ഥാനത്ത് ആദ്യമായി ഹിന്ദുക്ഷേത്രം ഉയരുന്നു



പാക് തലസ്ഥാനമായ ഇസ്ലാമാബാദിൽ ആദ്യമായി ഹിന്ദുക്ഷേത്രം നിർമ്മിക്കാൻ അനുമതി. ശ്രീകൃഷ്ണ ക്ഷേത്രവും ശ്മശാനവുമാണ് ഇസ്ലാമാബാദിൽ നിർമിക്കുന്നത്. ഇതോടനുബന്ധിച്ച് ചെറിയ ചടങ്ങും സംഘടിപ്പിച്ചു. ഇസ്ലാമാബാദിലെ എച്ച്-9 പ്രവിശ്യയിലാണ് ക്ഷേത്രം നിർമ്മിക്കുന്നത്.

തലസ്ഥാന നഗരത്തിലുള്ള ഹിന്ദു മതവിശ്വാസികളുടെ എണ്ണം വളരെയധികം വർദ്ധിച്ചെന്നും അതുകൊണ്ടുതന്നെ ക്ഷേത്രം അനിവാര്യമായി മാറിയെന്നും ചടങ്ങിൽ പങ്കെടുത്ത മനുഷ്യാവകാശ ചുമതലയുള്ള പാർലമെന്ററി സെക്രട്ടറി ലാൽ ചന്ദ് മൽഹി പറഞ്ഞു. ഇതോടൊപ്പം ഇസ്ലാമാബാദിൽ ഇവർക്കായി ശ്മശാനം ഇല്ലെന്നതും നിർമ്മാണത്തിന് പിന്നിലെ കാരണമായി അദ്ദേഹം എടുത്തു പറഞ്ഞു.

ശ്രീ കൃഷ്ണ മന്ദിർ എന്നാണ് ക്ഷേത്രത്തിന് പേരിട്ടിരിക്കുന്നത്. 20,000 ചതുരശ്ര അടിയുള്ള സ്ഥലമാണ് ക്ഷേത്രനിർമാണത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്. 2017ൽ അനുവദിച്ച സ്ഥലമാണിത്. നിയമപരമായ മറ്റ് അനുമതികൾ ലഭിക്കുന്നതിലുണ്ടായ കാലതാമസമാണ് ക്ഷേത്രനിർമാണം വൈകിപ്പിച്ചത്. നാലര കോടിയിലധികം വരുന്ന നിർമ്മാണചിലവ് പാക്ക് സർക്കാരാണ് വഹിക്കുന്നത്.

## രാജ്യാന്തര വിമാനസർവീസുകൾ പുനരാരംഭിക്കാൻ ആലോചന

കോവിഡിന്റെ പശ്ചാത്തലത്തിൽ രാജ്യാന്തര വിമാന സർവീസുകൾക്ക് ഏർപ്പെടുത്തിയിരുന്ന വിലക്ക് ഘട്ടംഘട്ടമായി നീക്കാനുള്ള നടപടികളുമായി കേന്ദ്ര വ്യോമയാനമന്ത്രാലയം. അമേരിക്ക അടക്കമുള്ള രാജ്യങ്ങളിലേക്ക് സർവീസ് നടത്തുന്നതാണ് പരിഗണിക്കുന്നത്. തങ്ങളുടെ രാജ്യങ്ങളിൽ നിന്നുള്ള സ്വകാര്യ വിമാന കമ്പനികൾക്കു സർവീസ് നടത്താൻ അനുമതി തേടി അമേരിക്ക, ഫ്രാൻസ്, ജർമനി എന്നിവർ ഇന്ത്യയെ സമീപിച്ചിരുന്നു.

ഇതേത്തുടർന്ന് ഇക്കാര്യത്തിൽ യുഎസ് എംബസി അധികൃതരുമായി വ്യോമയാന മന്ത്രാലയം ചർച്ച നടത്തി. ജോലി ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി ഇന്ത്യയിൽനിന്നു വിദേശത്തേക്കു പോകാൻ സൗകര്യമൊരുക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി അപേക്ഷകളാണ് മന്ത്രാലയത്തിൽ ലഭിച്ചിട്ടുള്ളത്.


